# പതിമൂന്നാം കേരള നിയമസഭ
## എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 641 — 19.03.2013-ൽ മറുപടിക്ക്

### വിവിധ ഭവന പദ്ധതികൾക്കുള്ള സബ്സിഡി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഇ. ചന്ദ്രശേഖരൻ; | ശ്രീ. കെ. എം. മാണി (ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് വിവിധ ഭവന പദ്ധതികൾക്ക് സബ്സിഡി വർദ്ധിപ്പിച്ചിട്ടുണ്ടോ; എങ്കിൽ ഏതിനെല്ലാം എത്ര വീതമെന്ന് വ്യക്തമാക്കുമോ; | (എ) കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് നടപ്പിലാക്കുന്ന സാഫല്യം ഭവന പദ്ധതിയുടെ സബ്സിഡി തുക 1 ലക്ഷം രൂപയിൽ നിന്നും 2 ലക്ഷം രൂപയായും, സുരക്ഷാ ഭവന പദ്ധതിയുടെ സബ്സിഡി തുക 9,000/- രൂപ ആയിരുന്നത് 25,000/-രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്. പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന നടപ്പിലാക്കുന്ന ഭവന നിർമ്മാണ പദ്ധതികൾക്കും, തദ്ദേശ സ്വയംഭരണ വകുപ്പ് മുഖേന നടപ്പിലാക്കുന്ന ഇ.എം.എസ്. ഭവന പദ്ധതി ഗുണഭോക്താക്കൾക്കും ധനസഹായത്തുക വർദ്ധിപ്പിച്ചുകൊണ്ടുള്ള ഉത്തരവുകളുടെ പകർപ്പുകൾ ഇതോടൊപ്പം ചേർക്കുന്നു. |
| (ബി) ഈ വർദ്ധനവ് ലക്ഷം വീട് നവീകരണ പദ്ധതിയ്ക്ക് ബാധകമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ ബാധകമാക്കുമോ എന്ന് അറിയിക്കാമോ? | (ബി) ഇല്ല. |

സെക്ഷൻ ഓഫീസർ

കേരള സർക്കാർ

സംഗ്രഹം

പജ.പവ.വി.വ.- പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പുകൾ മുഖേനയുള്ള ഭവന നിർമ്മാണ ധനസഹായ പദ്ധതി - നിലവിലുള്ള ഭവന നിർമ്മാണ ധനസഹായം വർദ്ധിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പട്ടിക ജാതി പട്ടികവർഗ്ഗ വികസന (ഇ) വകുപ്പ്

സ.ഉ.(കൈ)നം. 93/2011/പജ.പവ.വിവ തിരുവനന്തപുരം, തീയതി, 15-09-11

---

പരാമർശം:- 1) 18/9/2009 ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 77/09/പജ.പവ.വിവ

2) 8/10/09 ലെ സർക്കാർ ഉത്തരവ് (ആർ.റ്റി) നം. 1053/09/പജ.പവ.വിവ

3) പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ 6/8/11 ലെ ഡെവ ബി2-16974/11 നമ്പർ കത്ത്.

## ഉത്തരവ്

ഭവന രഹിതരായ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് പട്ടികജാതി വികസന വകുപ്പു മുഖേനയും പട്ടികവർഗ്ഗ വികസന വകുപ്പു മുഖേനയും നൽകിവരുന്ന ഭവന നിർമ്മാണ ധനസഹായത്തുക യഥാക്രമം 1,00,000/- (ഒരു ലക്ഷം) രൂപയായും 1,25,000/- (ഒന്നേകാൽ ലക്ഷം) രൂപയായും മുകളിൽ ഒന്നാമതായി പരാമർശിച്ചിരിക്കുന്ന സർക്കാർ ഉത്തരവു പ്രകാരം വർദ്ധിപ്പിച്ചിരിക്കുന്നു.

നിലവിലുള്ള നിർമ്മാണ സാമഗ്രികളുടെ വിലവർദ്ധനവും വർദ്ധിച്ച കൂലിച്ചെലവും പരിഗണിക്കുമ്പോൾ സർക്കാർ നിശ്ചയിച്ച മാതൃകയിലുള്ള വീട് നിർമ്മിക്കുവാൻ മേല്പറഞ്ഞ തുക അപര്യാപ്തമാണെന്നു കാണുന്നു. ആയതിനാൽ പട്ടികജാതി, പട്ടികവർഗ്ഗ വികസന വകുപ്പുകൾ മുഖേന നൽകിവരുന്ന ഭവന നിർമ്മാണ ധനസഹായത്തുക യഥാക്രമം 2,00,000/- (രണ്ട് ലക്ഷം) രൂപയായും 2,50,000/-(രണ്ടര ലക്ഷം) രൂപയായും വർദ്ധിപ്പിച്ചുകൊണ്ട് സർക്കാർ ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

വി.ആർ. പത്മനാഭൻ
സെക്രട്ടറി

ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ്, തിരുവനന്തപുരം.

ഡയറക്ടർ, പട്ടികവർഗ്ഗ വികസന വകുപ്പ്, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ (ആഡിറ്റ്), കേരളാ, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ), തിരുവനന്തപുരം

[illegible] തിരുവനന്തപുരം

[illegible] സാമ്പത്തിക കാര്യ വകുപ്പ്

[illegible]കാര്യ വകുപ്പ്

തദ്ദേശ സ്വയംഭരണ വകുപ്പ്

ഐ.റ്റി. വകുപ്പ്.

പട്ടികജാതി പട്ടികവർഗ്ഗ വികസന (ബി/ഡി) വകുപ്പ്

പകർപ്പ് : - 1) പട്ടികജാതി പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.

2) പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പു മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.

3) പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് സെക്രട്ടറി/പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ യ്ക്ക്

4) പൊതുഭരണ എസ് സി വകുപ്പ്

5) കരുതൽ ഫയൽ/ഓഫീസ് കോപ്പി/വെബ് സൈറ്റ്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.

**കേരള സർക്കാർ**

സംഗ്രഹം

പജ.പവ.വിവ. - പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേനയുള്ള ഭവന നിർമ്മാണ പദ്ധതി - വർദ്ധിപ്പിച്ച നിരക്കിന് ആനുപാതികമായ വർദ്ധനവ് പൂർത്തീകരിക്കാനുള്ള വീടുകളുടെ ഗുണഭോക്താക്കൾക്കും ബാധകമായിരിക്കും എന്ന നിബന്ധന ഉൾക്കൊള്ളിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പട്ടിക ജാതി പട്ടികവർഗ്ഗ വികസന (ഇ) വകുപ്പ്

സ.ഉ.( കൈ.) 96 /11/പജ.പവ.വിവ തിരുവനന്തപുരം, തീയതി, 28/ 9/11 .

---

പരാമർശം:- 1) 15.9.11 ലെ സ.ഉ. (എം.എസ്.) നം. 93/11/ പജ.പവ.വി.വ..

## ഉത്തരവ്

സംസ്ഥാനത്തെ ഭവന രഹിതരായ പട്ടികജാതി വിഭാഗങ്ങൾക്ക് പട്ടികജാതി വികസന വകുപ്പു മുഖേന നൽകിവരുന്ന ഭവന നിർമ്മാണ ധനസഹായം 1,00,000/- (ഒരു ലക്ഷം) രൂപയിൽ നിന്നും 2, 00,000/- (രണ്ട് ലക്ഷം) രൂപയായും പട്ടികവർഗ്ഗ വികസന വകുപ്പു മുഖേന നൽകിവരുന്ന ഭവന നിർമ്മാണ ധനസഹായം 1,25,000/- (ഒന്നേകാൽ ലക്ഷം) രൂപയിൽ നിന്നും 2,50,000/- (രണ്ടര ലക്ഷം) രൂപയായും പരാമർശം ഉത്തരവ് പ്രകാരം വർദ്ധിപ്പിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ടി പദ്ധതി പ്രകാരം, മുമ്പ് അനുവദിച്ചിട്ടുള്ളതും, പൂർത്തിയാകാത്തതുമായ വീടുകളുടെ ധനസഹായം വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച് ഉത്തരവിൽ വ്യക്തമാക്കിയിരുന്നില്ല. ഈ സാഹചര്യത്തിൽ, പട്ടികജാതി വികസന വകുപ്പ് മുഖാന്തിരവും പട്ടികവർഗ്ഗ വികസന വകുപ്പ് മുഖാന്തിരവും മുൻവർഷങ്ങളിൽ ധനസഹായം നൽകിയിട്ടുള്ളതും ഇനിയും പൂർത്തീകരിക്കാനുള്ളതുമായ വീടുകളുടെ ഗുണഭോക്താക്കൾക്കു കൂടി, വർദ്ധിപ്പിച്ച നിരക്കിന് ആനുപാതികമായി ധനസഹായം നൽകുന്നതിന് ഉത്തരവാകുന്നു.

സ്പിൽ ഓവർ വീടുപണി പൂർത്തീകരിക്കുന്നതിന് താൽപ്പര്യമുള്ള ഗുണഭോക്താക്കൾക്ക് മാത്രമേ ഈ സാമ്പത്തിക സഹായം നൽകുന്നുള്ളൂ എന്ന് ബന്ധപ്പെട്ട ജില്ലാ പട്ടികജാതി വികസന ഓഫീസർമാർ/ട്രൈബൽ ഡവലപ്മെന്റ് ഓഫീസർമാർ ഉറപ്പുവരുത്തേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

ഡോ. എസ്.സുബ്ബയ്യ

പ്രിൻസിപ്പൽ സെക്രട്ടറി

ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ്, തിരുവനന്തപുരം.

ഡയറക്ടർ, പട്ടികവർഗ്ഗ വികസന വകുപ്പ്, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ (ആഡിറ്റ്), തിരുവനന്തപുരം.

അക്കൗണ്ടൻറ് ജനറൽ (എ ആൻറ് ഇ), തിരുവനന്തപുരം.

ഡയറക്ടർ, ഐ.എം.ജി. തിരുവനന്തപുരം.

ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ്

ധന വകുപ്പ്

തദ്ദേശസ്വയംഭരണ വകുപ്പ്/ഐ.ടി. വകുപ്പ്.

പട്ടികജാതി പട്ടികവർഗ്ഗ വികസന (ബി/ഡി/പി.എം.)വകുപ്പ്

പകർപ്പ് : - 1) പട്ടികജാതി പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.

2) പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പു മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.

3) പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് സെക്രട്ടറി/പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ യ്ക്ക്

4) കരുതൽ ഫയൽ/ഓഫീസ് കോപ്പി/വെബ് സൈറ്റ്.

5) Disposal leading to G.O.(Ms) No. 93/11/SCSTDD dated, 15.9.11 .

ഉത്തരവിൻ പ്രകാരം,

(signature)

സെക്ഷൻ ഓഫീസർ

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - ഭവനനിർമ്മാണ പദ്ധതി- ധനസഹായ തുക വർദ്ധിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## തദ്ദേശസ്വയംഭരണ (ഡിബി) വകുപ്പ്

സ.ഉ(എം.എസ്) നം: 52/2012/തസ്വഭവ          തിരുവനന്തപുരം, തീയതി: 27/2/2012

---

പരാമർശം:- 1. 24/07/2007-ലെ സ.ഉ (എം.എസ്) നമ്പർ 183/2007/തസ്വഭവ

2. 04/10/2007-ലെ സ.ഉ (സാധാ) നമ്പർ 2712/2007/തസ്വഭവ

3. 06/2/2008-ലെ സ.ഉ (എം.എസ്) നമ്പർ 34/2008/തസ്വഭവ

4. 11/7/2008-ലെ സ.ഉ (എം.എസ്) നമ്പർ 199/2008/തസ്വഭവ

5. 19/08/2008-ലെ സ.ഉ (എം.എസ്) നമ്പർ 226/2008/തസ്വഭവ

6. 11/11/2008-ലെ സ.ഉ (സാധാ) നമ്പർ 3958/2008/തസ്വഭവ

7. 01/01/2009-ലെ സർക്കുലർ നമ്പർ 192/ഡിബി1/2009/തസ്വഭവ

8. 11/6/2009-ലെ സർക്കുലർ നമ്പർ 78573/ഡിബി1/08/തസ്വഭവ

9. 13/07/2009-ലെ സ.ഉ (എം.എസ്) നമ്പർ 52/2009/പജ.പവ.വിവ

10. 29/7/2009-ലെ സ.ഉ (എം.എസ്) നമ്പർ 146/2009/തസ്വഭവ

11. 07/11/2009-ലെ സ.ഉ (എം.എസ്) നമ്പർ 207/2009/തസ്വഭവ

12. 15/09/2011-ലെ സ.ഉ (കൈ)നമ്പർ 93/11/പജാ.പവ.വിവ

13. 02/01/2012-ലെ സ.ഉ (കൈ) നമ്പർ 2/12/തസ്വഭവ

14. 04/01/2012-ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ സമിതി യോഗത്തിലെ തീരുമാനം.

15. 19/1/12-ലെ സ.ഉ (എം.എസ്) നം.15/2012/തസ്വഭവ

16. 15/2/12-ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റി യോഗത്തിലെ തീരുമാനം.

## ഉത്തരവ്

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പദ്ധതി വിഹിതത്തിൽ നിന്നും ഭവന നിർമ്മാണത്തിന് ധനസഹായം നൽകുന്നത് പട്ടികജാതി വിഭാഗത്തിന് 2,00,000/- (രണ്ടു ലക്ഷം ) രൂപയായും പട്ടികവർഗ്ഗ വിഭാഗത്തിന് 2,50,000/- (രണ്ടു ലക്ഷത്തി അൻപതിനായിരം) രൂപയായും 15/9/2011-മുതൽ പ്രാബല്യം നൽകി വർദ്ധിപ്പിക്കുന്നതിന് പരാമർശം (15) പ്രകാരം ഉത്തരവായിരുന്നു.

1/4/2011-ന് ശേഷം എഗ്രിമെന്റ് വച്ച എല്ലാ ഇ.എം.എസ് ഭവന പദ്ധതി ഗുണഭോക്താക്കൾക്കും യൂണിറ്റ് കോസ്റ്റ് ജനറൽ വിഭാഗത്തിന് 2 ലക്ഷവും എസ്.സി വിഭാഗത്തിന് 2 ലക്ഷവും എസ്.ടി വിഭാഗത്തിന് 2.50 ലക്ഷവുമായി നിശ്ചയിക്കുന്നതിന് പരാമർശം 16 പ്രകാരം തീരുമാനിച്ചിട്ടുണ്ട്.

(..... 2)

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ എല്ലാ ഇ.എം.എസ് ഭവന പദ്ധതി ഗുണഭോക്താക്കൾക്കും പദ്ധതി വിഹിതത്തിൽ നിന്നും ഭവന നിർമ്മാണത്തിന് ധനസഹായം നൽകുന്നത് യൂണിറ്റ് കോസ്റ്റ് ജനറൽ വിഭാഗത്തിനും പട്ടികജാതി വിഭാഗത്തിനും 2,00,000/- (രണ്ടു ലക്ഷം) രൂപയായും പട്ടികവർഗ്ഗ വിഭാഗത്തിന് 2,50,000/- (രണ്ടു ലക്ഷത്തി അൻപതിനായിരം) രൂപയായും വർദ്ധിപ്പിച്ച് 15/09/2011-മുതൽ പ്രാബല്യം നൽകി ഉത്തരവാകുന്നു. 15/9/11-ന് ശേഷം മുഴുവൻ പണിയും നടത്തുന്നവർക്ക് മുഴുവൻ തുകയും 15/9/2011-ന് മുൻപ് ഒന്നോ അതിലധികമോ ഘട്ടങ്ങൾ പൂർത്തീകരിച്ച് ധനസഹായം സ്വീകരിച്ചവർക്ക് ശേഷിക്കുന്ന ഘട്ടങ്ങൾക്ക് ആനുപാതിക വർദ്ധനവുമായിരിക്കും ബാധകമാകുന്നത്.

പരാമർശം (15)-ലെ സർക്കാർ ഉത്തരവ് ഇപ്രകാരം ഭേദഗതി ചെയ്തതായി കണക്കാക്കേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
ജെയിംസ് വർഗ്ഗീസ്
ഗവ. പ്രിൻസിപ്പൽ സെക്രട്ടറി

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ ജില്ലാപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
5. എല്ലാ മുനിസിപ്പൽ ചെയർപേഴ്സൺമാർക്കും സെക്രട്ടറിമാർക്കും
6. എല്ലാ ജില്ലാ ആസൂത്രണ സമിതി ചെയർപേഴ്സൺ മാർക്കും
7. പ്രിൻസിപ്പൽ സെക്രട്ടറി, ധനകാര്യ വകുപ്പ്
8. പ്രിൻസിപ്പൽ സെക്രട്ടറി, പട്ടികജാതി, പട്ടികവർഗ്ഗ വികസന വകുപ്പ്
9. സെക്രട്ടറി, ആസൂത്രണ സാമ്പത്തിക കാര്യവകുപ്പ്
10. മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണബോർഡ്
11. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
12. ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
13. നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
14. മുഖ്യ നഗരാസൂത്രകൻ
15. ഡയറക്ടർ, കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ, തൃശ്ശൂർ
16. ഡയറക്ടർ, സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റൂറൽ ഡെവലപ്മെന്റ്
17. എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ മിഷൻ.
18. ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണവകുപ്പ്, തിരുവനന്തപുരം
19. എല്ലാ ജില്ലാ ആസൂത്രണ സമിതി മെമ്പർ സെക്രട്ടറി(ജില്ലാകളക്ടർമാർ)മാർക്കും
20. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
21. എല്ലാപഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
22. എല്ലാ അസിസ്റ്റന്റ് ഡവലപ് മെന്റ് കമ്മീഷണർ(ജനറൽ)മാർക്കും
23. എല്ലാ നഗരകാര്യ മേഖല ജോയിന്റ് ഡയറക്ടർമാർക്കും

# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 669

19.03.2013ൽ
മറുപടിക്ക്

**എമർജിംഗ് കേരളയുടെ ഭാഗമായി വന്ന പുതിയ പദ്ധതികൾ**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എസ്.ശർമ്മ | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തുടങ്ങിയ പുതിയ വ്യവസായങ്ങൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ ;<br><br>(ബി) എമർജിംഗ് കേരളയുടെ ഭാഗമായി വന്ന പുതിയ പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ;<br><br>സി) ഇതിന് എത്ര തുകയാണ് കണക്കാക്കുന്നത് എന്ന് വ്യക്തമാക്കാമോ? | (എ)(ബി) &(സി)<br>വിവരം ശേഖരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

24. ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം
25. സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
26. ജനറൽ സെക്രട്ടറി, കേരളഗ്രാമപഞ്ചായത്ത് അസോസിയേഷൻ
27. സെക്രട്ടറി, കേരള ബ്ളോക്ക് പഞ്ചായത്ത് അസോസിയേഷൻ
28. സെക്രട്ടറി, മുനിസിപ്പൽ ചെയർമാൻമാരുടെ ചേമ്പർ
29. സെക്രട്ടറി, ജില്ലാപഞ്ചായത്ത് പ്രസിഡന്റുമാരുടെ ചേമ്പർ
30. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ( ആഡിറ്റ്) കേരള,തിരുവനന്തപുരം
31. അക്കൗണ്ടന്റ് ജനറൽ(എആന്റ് ഇ)കേരള,തിരുവനന്തപുരം
32. എക്സിക്യൂട്ടീവ് ചെയർമാൻ & ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് )
33. മെമ്പർ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, തിരുവനന്തപുരം
34. ഓഫീസ് കോപ്പി/കരുതൽഫയൽ

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്: 1. തദ്ദേശസ്വയംഭരണ (പഞ്ചായത്ത്) വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. തദ്ദേശസ്വയംഭരണ (നഗരകാര്യ) വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
3. തദ്ദേശസ്വയംഭരണ (ഗ്രാമവികസന) വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
4. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
5. തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ പി.എക്ക്
6. തദ്ദേശസ്വയംഭരണ ഡിഎ/ഡിസി/ഡിഡി സെക്ഷനുകൾക്ക്